LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ഐ. ടി. അറ്റ് സ്കൂൾ പദ്ധതി

102 [1512] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ജില്ലയിൽ പുതുതായി ഏതൊക്കെ സ്ക്കൂളുകളിലാണ് കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ. ടി. സ്കൂൾ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഹൈസ്ക്കൂളുകളിലും ഐ. ടി. വിദ്യാഭ്യാസം നിർബന്ധമാക്കിയിരിക്കുകയാണ്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ എല്ലാ ഗവൺമെന്റ്, എയ്ഡഡ് ഹൈസ്ക്കൂളുകളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 'എ'-യിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു കോഴ്സുകൾ

103 [1513] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര സർക്കാർ സ്ക്കൂളുകളിലാണ് പ്ലസ്ടു കോഴ്സ് ആരംഭിച്ചിട്ടുള്ളത്?

ഉത്തരം

ഈ വർഷം അനുവദിച്ച 194 സ്ക്കൂളുകൾ ഉൾപ്പെടെ 610 സർക്കാർ സ്ക്കൂളുകളിലാണ് പ്ലസ്ടു കോഴ്സ് ആരംഭിച്ചിട്ടുള്ളത്.

സർക്കാർ സ്ക്കൂളുകളിൽ പ്ലസ് വൺ കോഴ്സ് തുടങ്ങുന്നതിന് ഹൈക്കോടതി വിലക്ക് ഏർപ്പെടുത്തിയ നടപടി

104 [1514] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്ക്കൂളുകളിൽ പ്ലസ് വൺ കോഴ്സ് തുടങ്ങുന്നതിന് ഹൈക്കോടതിയിൽ എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് ഒ. പി. യിലാണ് ഇത്തരമൊരു വിലക്ക് ഉത്തരവായതെന്ന് വെളിപ്പെടുത്തുമോ;